# കേരള സർവകലാശാല,

## കാമ്പസ് ഭരണ വിഭാഗം

കാര്യവട്ടം, തിരുവനന്തപുരം

www.keralauniversity.ac.in

ജോയിന്റ് രജിസ്ട്രാർ
കാമ്പസ് ഭരണവിഭാഗം

ടെലി: 0471 – 2308907
ഫാക്സ് : 2308614
Email-jr.ca.uok@gmail.com


Draft #28 of File CA/Admin/02/2019 Approved by JOINT REGISTRAR on 26-Dec-2023 12:53 PM - Pa

CA/Admin/02/Farm Blocks/2024

**പുനർ ദർഘാസ് പരസ്യം**

കേരള സർവകലാശാല കാര്യവട്ടം കാമ്പസിലെ A, B, C & D എന്നീ ബ്ലോക്കുകളിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 2024 ജനവരി 1 മുതൽ ഒരു വർഷകാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനു വേണ്ടി ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുകൾ 2023 ഡിസംബർ 30 ന രാവിലെ 10.30 ന മുൻപായി കാമ്പസ് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

നിരതദ്രവ്യമായി ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം 3000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് *ഡെപ്യൂട്ടി രജിസ്ട്രാർ കാമ്പസ് ഭരണവിഭാഗം* എന്ന പേരിൽ അടയ്ക്കേണ്ടതാണ്. ദർഘാസുകൾ *'2024 വർഷത്തിൽ കാര്യവട്ടം കാമ്പസിലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കാനുള്ള അവകാശം നേടുന്നതിനു വേണ്ടിയുള്ള ടെൻഡർ'* എന്ന് രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഈ ആവശ്യത്തിലേക്ക് ഡിസംബർ 30 ന തന്നെ രാവിലെ 11 മണിക്ക് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ വച്ച് പൊതുലേലവും നടത്തപ്പെടും. ടി ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലത്തിനു മുൻപ് മേൽപറഞ്ഞ നിരക്കിൽ നിരതദ്രവ്യം കെട്ടിവയ്ക്കണം. ടെൻഡർ/ലേലം അന്നേദിവസത്തെ ഏറ്റവും കൂടിയ തുകയ്ക്ക് (സർവകലാശാലയ്ക്ക് സ്വീകാര്യമെങ്കിൽ മാത്രം) സ്ഥിരപ്പെടുത്തുന്നതാണ്. ഈ തുക മുഴുവൻ ലേലത്തിയതി മുതൽ 3 ദിവസത്തിനകം ടിയാൻ സർവകലാശാല ക്യാഷ് കൗണ്ടറിൽ ഒടുക്കി രസീത് ഓഫീസിൽ നൽകേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം കണ്ടുകെട്ടുകയും രണ്ടാമത്തെ കൂടിയ തുക രേഖപ്പെടുത്തിയ വ്യക്തിക്ക് (സർവകലാശാലയ്ക്ക് സ്വീകാര്യമെങ്കിൽ) ലേലം/ടെൻഡർ സ്ഥിരപ്പെടുത്തുന്നതായിരിക്കും.

വിവിധ ബ്ലോക്കുകളിലെ വൃക്ഷങ്ങൾ കണ്ട് ബോദ്ധ്യപ്പെടുന്നതിനും ലേലം/ടെൻഡറിനെ കുറിച്ചുള്ള നിബന്ധനകൾക്കും മറ്റു വിശദവിവരങ്ങൾക്കും കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ദർഘാസ്/ലേലം സംബന്ധമായ എല്ലാകാര്യങ്ങളിലും അന്തിമ തീരുമാനം രജിസ്ട്രാറുടേതായിരിക്കും.

ജോയിന്റ് രജിസ്ട്രാർ